വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, വികാസ്ഭവൻ ബിൽഡിംഗ് മൂന്നാംനില, വികാസ്ഭവൻ, തിരുവനന്തപുരം - 695033

ഇ-മെയിൽ :industries directorate@gmail.com
വെബ് സൈറ്റ് :www.industry.kerala.gov.in

ഫോൺ : 0471-2302722.

നം.DIC/12457/2018-INF

തീയതി : 09/01/2020

## ലേല പരസ്യം

തിരുവനന്തപുരം വികാസ് ഭവൻ കോംപ്ലക്സിലെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിലെ ഡൈനിംഗ് ഹാളിൽ കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ ഫർണിച്ചറുകളുടെ ലേലം **21.01.2020 ചൊവ്വാഴ്ച ഉച്ചക്ക് 3 മണിക്ക്** വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിലെ ഡൈനിംഗ് ഹാളിന്റെ പരിസരത്ത് വച്ച് നടത്തുന്നതാണ് . ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ലേലം തുടങ്ങുന്നതിന് മുമ്പ് ഹാജരാകേണ്ടതും 200/-(ഇരുന്നൂറ്) രൂപ നിരതദ്രവ്യമായി നൽകേണ്ടതുമാണ് . കൂടാതെ മുദ്ര വച്ച ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ് . ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം , മൂന്നാംനില,വികാസ് ഭവൻ കോംപ്ലക്സ്, വികാസ് ഭവൻ , തിരുവനന്തപുരം പേരിൽ മാറാവുന്ന 200/- രൂപയുടെ ബാങ്ക് ഡി.ഡി. ഉള്ളടക്കം ചെയ്യേണ്ടതും ടി ക്വട്ടേഷനുകൾ **21.01.2020 ചൊവ്വാഴ്ച ഉച്ചക്ക് 3 മണിക്ക്** മുമ്പായി ഹാജരാക്കേണ്ടതുമാണ് . ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേരിൽ ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. ടിയാൻ അന്നേ ദിവസം തന്നെ ലേലത്തുകയും നിയമാനുസരണമുള്ള മറ്റ് നികുതികളും (ജി.എസ്.റ്റി-18%) ട്രഷറിയിൽ അടച്ച് ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതും പുനർ ലേലം നടത്തുന്നതുമാണ്.

ലേലം ഉറപ്പിക്കപ്പെട്ട വ്യക്തി ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഏഴ് ദിവസത്തിനകം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ലേല സാധനങ്ങൾ മറ്റ് വസ്തുവകകൾക്ക് നാശം വരുത്താതെ പ്രസ്തുത പരിസരത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ് . അപ്രകാരം ചെയ്തതിന് ശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ് . ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന നഷ്ടം ടിയാനിൽ നിന്നും നിയമപ്രകാരം ഈടാക്കുന്നതാണ്.

ലേലം നടത്താതിരിക്കാനോ മാറ്റിവെയ്ക്കാനോ പരസ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്. വ്യവസായ വാണിജ്യ വകുപ്പിൽ നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ് . കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസം ഈ കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

| ലേല വസ്തു | ലേല തീയതി | നിരതദ്രവ്യം | സ്ഥലം |
|---|---|---|---|
| തിരുവനന്തപുരം വികാസ് ഭവൻ കോംപ്ലക്സിലെ മൂന്നാംനിലയിൽ പ്രവർത്തിക്കുന്ന വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിലെ ഡൈനിംഗ് ഹാളിൽ കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ ഫർണിച്ചറുകൾ | 21.01.2020 ചൊവ്വാഴ്ച ഉച്ചക്ക് 3 മണിക്ക് | 200.00 | വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിലെ ഡൈനിംഗ് ഹാളിനു സമീപം |

File No.DIC/12457/2018-INF

**ലേല തുക അടയ്ക്കേണ്ട ട്രഷറി ഹെഡ് ഓഫ് അക്കൗണ്ട്**

| | |
|---|---|
| ലേല തുക | 0852-80-800-94 |
| നികുതി -GST | |

RADHAKRISHNAN P
SENIOR ADMINISTRATIVE OFFICER